LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ദേശീയ ജലപാത നിർമ്മാണം

94 [റ്റി 2131] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയ ജലപാത നിർമ്മാണം സമയബന്ധിതമായി മുന്നോട്ടു പോകുന്നുണ്ടോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് പ്രാദേശിക തടസ്സങ്ങൾ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ തടസ്സങ്ങൾ നീക്കുന്നതിന് എന്ത് നടപടികളാണ് എടുക്കുന്നത്?

ഉത്തരം

(എ) മുതൽ (സി) വരെ വിവരം ശേഖരിച്ചുവരുന്നു.

ജലപാതകളെ യാത്രാവൽക്കരിക്കാൻ നടപടി

95 [2132] ശ്രീമതി. ശോഭനാ ജോർജ് :
ശ്രീ. കെ. സുധാകരൻ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. വി. ജെ. പൗലോസ്:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജല ഗതാഗത വകുപ്പിന് എത്ര യാത്രാ ബോട്ടുകളുണ്ട്;

(ബി) ഏതെല്ലാം റൂട്ടുകളിലാണ് ഇവ ഓപ്പറേറ്റ് ചെയ്യുന്നതെന്നു കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) കൂടുതൽ ജലപാതകളിൽകൂടി ബോട്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള സാദ്ധ്യതയെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടിയെടുക്കുമോ?

ഉത്തരം

(എ) 84 യാത്രാബോട്ടുകളുണ്ടെങ്കിലും 47 ബോട്ടുകളാണ് സർവ്വീസ് നടത്തുന്നത്.

(ബി) ടി സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) സാദ്ധ്യതയെക്കുറിച്ച് പഠനം നടത്തി വരുന്നു.

(ഡി) ബാധകമല്ല.

'റ്റി' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.